കാരുണ്യവർഷത്തോടനുബന്ധിച്ചും അതിന്റെ തുടർച്ചയായും നമ്മുടെ മേജർ അതിഭദ്രാസനത്തിൽ ***മിഷണറീസ് ഓഫ് മേഴ്സി*** അഥവാ കാരുണ്യത്തിന്റെ മിഷണറിമാർ എന്ന ഒരു പ്രേഷിതവേദി രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. ബഹു. വൈദികർക്കും സന്യസ്തർക്കും അത്മായർക്കും ഇതിൽ അംഗങ്ങളാകാവുന്നതാണ്. നമ്മുടെ കർത്താവിന്റെ കാരുണ്യത്തിന്റെ മുഖം വിശാലമനുഷ്യസമൂഹത്തിനു മുമ്പിൽ സജീവമാക്കുകയാണ് ഈ പ്രേഷിതസംഘത്തിന്റെ പ്രത്യേക നിയോഗം. അനുരഞ്ജന കൂദാശയുടെ സന്ദേശം പകരുക, വി. കുമ്പസാരത്തിനുള്ള സൗകര്യം ഒരുക്കുക, മരണാസന്നരെ സഹായിക്കുക, അപകടത്തിൽപ്പെടുന്നവർക്കു അടിയന്തിര സഹായം എത്തിക്കുക, രോഗികളെ സന്ദർശിക്കുക, തടവറയിലുള്ളവർക്ക് സാന്ത്വനം പകരുക തുടങ്ങിയവയാണ് ഈ സംഘത്തിന്റെ പ്രത്യേക ശുശ്രൂഷകൾ. ഈ സംഘത്തിൽ ഉൾപ്പെട്ടു കരുണയുടെ ശുശ്രൂഷ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് അതാത് ജില്ലാവികാരിയുടെ പക്കൽ പേരുവിവരങ്ങൾ നൽകാവുന്നതാണ്. നമ്മുടെ മേജർ അതിഭദ്രാസനത്തിന്റെ എല്ലാ വൈദിക ജില്ലകളിലും ദൈവാലയങ്ങളിലും ഈ സംഘത്തിന്റെ സാന്നിദ്ധ്യവും ശുശ്രൂഷയും സംലഭ്യമാക്കുന്നതിന് നമുക്കു പരിശ്രമിക്കാം. കാരുണ്യവർഷത്തിന്റെ ഒരു നിത്യസ്മാരകമായി നമ്മുടെ മേജർ അതിഭദ്രാസനത്തിൽ ഇപ്രകാരം ഒരു പ്രേഷിതവേദി കർമ്മനിരതമാകാൻ നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനായ ദൈവത്തിന്റെ കരുണാപൂർണ്ണമായ സംരക്ഷണം ഏവരെയും ശക്തരാക്കട്ടെ!

നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,

+Baselios cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ.

തിരുസന്നിധി, മേജർ ആർച്ചുബിഷപ്പ്സ് ഹൗസ്
പട്ടം, തിരുവനന്തപുരം
20-10-2016

---

*N.B: ഈ കൽപ്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*

---



ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസും**
**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്**
**കാതോലിക്കാ ബാവായിൽ** നിന്നും
നമ്മുടെ അധികാരത്തിൻകീഴുള്ള കോർ എപ്പിസ്ക്കോപ്പാമാർക്കും
റമ്പാൻമാർക്കും പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും
സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

No. PL/TVM/01/2016

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

കർത്താവ് കൃപാലുവും, കരുണാമയനും, ക്ഷമാശീലനും, സ്നേഹസമ്പന്നനുമാണ് (സങ്കീ. 145:8). കരുണയുടെ വാതിൽ തുറന്നുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 2015 ഡിസംബർ 8-ന് കരുണയുടെ അസാധാരണ ജൂബിലി വർഷത്തിന് ഔദ്യോഗികമായി ആരംഭം കുറിച്ചു. കരുണയുടെ രാജാവായ യേശുക്രിസ്തുവിന്റെ രാജത്വതിരുനാളിനോടനുബന്ധിച്ച് 2016 നവംബർ 20-ന് ഈ ജൂബിലി വത്സരം സമാപിക്കുന്നു. വത്തിക്കാനിലും ലോകമാസകലമുള്ള ദൈവാലയങ്ങളിലും കാരുണ്യവർഷത്തിന്റെ സമാപനം പ്രത്യേക പ്രാർത്ഥനയോടെയും വിവിധ കർമ്മപരിപാടികളോടെയും ആഘോഷിക്കുകയാണ്. നമുക്കും അതിൽ സർവ്വാത്മനാ പങ്കുചേരാം. യേശുനാഥന്റെ തിരുമുഖത്തു നിന്ന് കരുണയുടെ പാഠങ്ങൾ അഭ്യസിച്ചുകൊണ്ട് സുവിശേഷത്തിന്റെ ഉത്തമ സാക്ഷികളാകാൻ നമുക്കും പരിശ്രമിക്കാം.

നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36). കരുണയുടെ ജൂബിലി വത്സരത്തിന്റെ ദർശനവാക്യമാണിത്. ദൈവപിതാവിന്റെ അനന്തവും നിർവ്യാജവുമായ കാരുണ്യം രക്ഷാകര ചരിത്രത്തിൽ

യേശുക്രിസ്തുവിലൂടെയും, അവിടുന്നു വഴിയായും ലോകത്തിൽ പ്രകാശിതമായി. അദൃശ്യനായ ദൈവത്തിന്റെ കരുണയുടെ മുഖം അങ്ങനെ യേശുമിശിഹായിലൂടെ ഈ പ്രപഞ്ചത്തിൽ മുഴുവനായും, വിശിഷ്യാ, മനുഷ്യനു മുമ്പിലും അനാവൃതമാക്കപ്പെട്ടു. അങ്ങനെ, ദൈവം നമ്മോടുകൂടെ, അഥവാ ഇമ്മാനുവേൽ എന്ന പ്രവചനം അന്വർത്ഥമായി. തന്റെ പരസ്യജീവിത നാളുകളിൽ കരുണയുടെ ജീവിക്കുന്ന സുവിശേഷമായി ഏവർക്കും അവിടുന്ന് സമീപസ്ഥനായി. താൻ കണ്ടുമുട്ടിയ മനുഷ്യജീവിതങ്ങളിലൊക്കെ സ്നേഹത്തിന്റെയും, സൗഖ്യത്തിന്റെയും, പാപമോചനത്തിന്റെയും, ക്ഷമയുടെയുമൊക്കെ കാരുണ്യനദിയായി അവിടുന്ന് ഒഴുകി. ക്ഷമിക്കുന്ന കരുണാർദ്രമായ സ്നേഹത്തിന്റെ ഉദാത്തവും ശ്രേഷ്ഠവുമായ മാതൃക കുരിശുമരണത്തിലൂടെ അവിടുന്ന് വെളിവാക്കി. മരണത്തിനപ്പുറം നീണ്ടുനിൽക്കുന്ന അവിടുത്തെ അനന്തമായ കാരുണ്യം തന്റെ ഉത്ഥാനത്തിലൂടെ അവിടുന്ന് കാണിച്ചുതരുകയും അതിൽ നമ്മെ പങ്കുകാരാക്കുകയും ചെയ്തു (എഫേ. 2:47). ലോകാന്ത്യം വരെ ഈ ഭൂമിയിൽ അവിടുത്തെ സ്നേഹത്തിന്റെയും കരുണയുടെയും ഉത്തമ കാര്യവിചാരിപ്പുകാരിയായി തിരുസഭയെ സ്ഥാപിക്കുകയും ചെയ്തു. കാരുണ്യത്തിന്റെ അവർണ്ണനീയ സാന്നിദ്ധ്യമായ ദിവ്യകാരുണ്യ സ്ഥാപനത്തിലൂടെ അവിടുന്ന് നമുക്ക് ഏറ്റം സമീപസ്ഥനുമായി. അങ്ങനെ, പിതാവായ ദൈവം തന്റെ പുത്രനായ മിശിഹായിലൂടെ വെളിവാക്കിയ കരുണയുടെ മുഖം തിരുസഭയിലൂടെ അന്യൂനം പ്രകാശിതമാകുന്നു.

കരുണയുള്ളവർ ഭാഗ്യവാൻമാർ എന്തെന്നാൽ അവർക്കു കരുണ ലഭിക്കും (മത്താ. 5:7) എന്ന തിരുവചനം നമുക്ക് നൽകുന്ന ഉൾക്കാഴ്ച എത്രയോ അർത്ഥവത്താണ്. അനന്തനന്മസ്വരൂപിയായ ദൈവത്തിന്റെ കരുണ നാം അനുനിമിഷം സ്വീകരിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു. കരുണ സ്വീകരിക്കുന്നവരായ നാം കരുണയുള്ളവരായിരിക്കണമെന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. സഭയൊന്നാകെ കരുണയിൽ ജീവിക്കുവാനും അതു പങ്കുവയ്ക്കുവാനുമുള്ള ദൈവീക ആഹ്വാനമായി ഇതിനെ നാം തിരിച്ചറിയണം. സർവ്വസ്നേഹനിധിയായ ദൈവത്തിന്റെ കലവറയില്ലാത്ത കാരുണ്യം ഒന്നുകൊണ്ടു മാത്രമാണ് നമുക്കു ജീവൻ സംലഭ്യമായതും അത് സമൃദ്ധമായി നിലനിൽക്കുന്നതും. അതിനാൽതന്നെ, നമുക്കു ലഭ്യമായ കാരുണ്യം പരസ്പരം പങ്കുവയ്ക്കാൻ നാം കടപ്പെട്ടിരിക്കുന്നു. നാം ജീവിക്കുന്ന സമൂഹത്തിൽ അവശത അനുഭവിക്കുന്നവരിലേക്കും, പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കും, നൊമ്പരപ്പെടുന്നവരിലേക്കും, നീതി നിഷേധിക്കപ്പെട്ടവരിലേക്കും അനന്തനന്മസ്വരൂപിയായ ദൈവത്തിന്റെ കാരുണ്യമായി



നാം പെയ്തിറങ്ങണം. അപ്രകാരം, യേശുക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം നമ്മിലൂടെ ലോകത്തിലെങ്ങും പ്രതിബിംബിക്കണം. കാരുണ്യത്തിന്റെ മാലാഖയെന്ന് ലോകം വാഴ്ത്തിയ കൽക്കട്ടായിലെ വിശുദ്ധ തെരേസായെപ്പോലെ കാരുണ്യത്തിന്റെ വറ്റാത്ത ഉറവകളാകാൻ നമുക്ക് പരിശ്രമിക്കാം. വിശ്വാസത്തോടെ നാം സ്വീകരിക്കുന്ന നമ്മുടെ കർത്താവിന്റെ തിരുശരീരവും തിരുരക്തവുമാകുന്ന ദിവ്യകാരുണ്യം അങ്ങനെ നമുക്കും മറ്റുള്ളവർക്കും അനുഗ്രഹത്തിനും പുണ്യത്തിനും കാരണമാകട്ടെ.

ആഗോളതലത്തിലുള്ള കാരുണ്യവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച്, മേജർ അതിഭദ്രാസനത്തിലെ എല്ലാ ദൈവാലയങ്ങളിലും പ്രത്യേകമായ ആഘോഷങ്ങൾ നടത്തേണ്ടതാണ്. അന്നേദിവസം ആഘോഷമായ വിശുദ്ധ കുർബാനയും, കാരുണ്യവർഷത്തിന്റെ സന്ദേശങ്ങളും, കർമ്മപരിപാടികളും അതത് ഇടവകയുടെ സാഹചര്യമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്. നമ്മുടെ ഭക്തസംഘടനകളുടെ സാന്നിദ്ധ്യവും സാക്ഷ്യവും ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം. കാരുണ്യത്തിന്റ ആത്മീയാനുഭവങ്ങളിൽ പങ്കാളികളാകുവാൻ ഇടവകയിലുള്ള എല്ലാവരും അന്നേദിവസം കാരുണ്യത്തിന്റെ കൂദാശയായ വി. കുമ്പസാരം നടത്തി അനുഗ്രഹവും പരിശുദ്ധ പിതാവ് പ്രഖ്യാപിച്ചിരിക്കുന്ന ദണ്ഡവിമോചനവും പ്രാപിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇടവകയിൽ കാരുണ്യവർഷവുമായി ബന്ധപ്പെട്ടു നടത്തപ്പെട്ട ആത്മീയവും ഭൗതീകവുമായ എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംക്ഷിപ്ത റിപ്പോർട്ട് 2016 ഡിസംബർ 15-നകം മേജർ അതിരൂപതാ ചാൻസിലർക്ക് നൽകേണ്ടതാണ്.

അതുപോലെ, വൈദിക ജില്ലാതലത്തിലും കാരുണ്യവർഷത്തിന്റെ സമാപനചടങ്ങുകൾ നടത്തേണ്ടതാണ്. ബഹു. ജില്ലാവികാരിയും, അതാത് ജില്ലയിലെ ബഹു. വൈദികരും, സന്യസ്തരും, ദൈവജനവും ഒത്തുചേർന്ന് ആഘോഷങ്ങൾ ക്രമീകരിക്കുവാൻ താൽപര്യപ്പെടുന്നു. ഈ അവസരത്തിൽ പൊതുസമൂഹത്തിനു സാക്ഷ്യം നൽകത്തക്ക രീതിയിലുള്ള ഏതെങ്കിലും ഒരു കാരുണ്യപ്രവർത്തനം നടത്തുന്നത് നന്നായിരിക്കും. കാരുണ്യവർഷത്തോടനുബന്ധിച്ച് വൈദിക ജില്ലാതലത്തിൽ നടത്തപ്പെട്ട പരിപാടികളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് ജില്ലാവികാരി 2016 ഡിസംബർ 15-നകം മേജർ അതിഭദ്രാസന കൂരിയായിൽ നൽകുകയും വേണം. മേജർ അതിഭദ്രാസനതലത്തിലുള്ള കാരുണ്യവർഷ സമാപനം 2016 നവംബർ 6-ാം തീയതി ഞായറാഴ്ച രാവിലെ 7.30 ന് നമ്മുടെ മേജർ അതിഭദ്രാസന ദൈവാലയത്തിൽവച്ച് നടത്തപ്പെടുന്നതാണ്.